**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257** **15-02-2024 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്കായി വിവിധ ക്ഷേമനിധി ബോർഡുകൾ വഴി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. കൂടാതെ തൊഴിൽ വകുപ്പിന് കീഴിൽ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിയും ഏതെങ്കിലും ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ പരിക്ക് പറ്റിയാൽ ധനസഹായം നൽകുന്നതിനായി 2007-08 വർഷം മുതൽ അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | മരംകയറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (സി) | 13/05/1980-ലെ സ.ഉ. (അച്ചടി) നം. 41/80/ തൊഴിൽ പ്രകാരം നിലവിൽ വന്ന 1980-ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ വൈകല്യം സംഭവിക്കുന്ന മരം കയറ്റ തൊഴിലാളിയ്ക്ക് 50,000/- രൂപയും, തൊഴിലാളി മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക് 1,00,000/- രൂപയും എക്സ്-ഗ്രേഷ്യാ ധനസഹായമായി നിലവിൽ അനുവദിച്ചു വരുന്നു.<br><br>20/01/2012-ലെ സ.ഉ. (അച്ചടി) നം 10/2012/ തൊഴിൽ പ്രകാരം നിലവിൽ വന്ന 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം എക്സ്-ഗ്രേഷ്യാ ധനസഹായം ലഭിച്ച തൊഴിലാളി/ ആശ്രിതർക്ക് 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം പദ്ധതി'-യ്ക്കായി സർക്കാർ വകയിരുത്തുന്ന തുകയിൽ നിന്നും, സാമൂഹ്യ ക്ഷേമ പെൻഷന്റെ നിരക്കിൽ പ്രതിമാസം 1600/- രൂപ അവശതാ പെൻഷനായി അനുവദിക്കുന്നു. |
| (ഡി) | അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യ സഹായനിധി ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ/പദ്ധതികൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾക്ക് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നതിനും വേണ്ടി 27.03.2012 ലെ സ.ഉ. (കൈ) നം 52/2012/ തൊഴിൽ പ്രകാരം 2012-ലെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടേയും പദ്ധതികളുടേയും കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട് ഏറ്റവും കുറഞ്ഞത് ഒരു വർഷകാലയളവെങ്കിലും പൂർത്തിയാക്കിയ സ്ത്രീ തൊഴിലാളികൾക്ക് രണ്ട് പ്രസവത്തിന് മാത്രം ടി ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം പദ്ധതി' യുടെ കീഴിൽ 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ'ക്കായി തുക ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തുവരുന്നു. ക്ഷേമനിധി ബോർഡ് വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ പ്രസവാനുകൂല്യ ധനസഹായം 15,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പ്രസവാനുകൂല്യ ധനസഹായത്തിനനുസരിച്ച്, സർക്കാർ വിഹിതം മേൽ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായി വിവിധ ബോർഡുകൾക്ക് പ്രതിപൂരണം ചെയ്തുവരുകയും ചെയ്യുന്നു. |
| (ഇ) | 2022-23-ൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നൽകിയ സഹായം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ? | (ഇ) | തൊഴിൽ വകുപ്പ് മുഖേന 2022-23 സാമ്പത്തിക വർഷം അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം ധനസഹായം പദ്ധതിയ്ക്കായി വിവിധ ക്ഷേമനിധി ബോർഡുകൾക്ക് 5.75 കോടി രൂപ, മരംകയറ്റ തൊഴിലാളി ധനസഹായ പദ്ധതിയ്ക്കായി അപകടം സംഭവിച്ച 150 ഗുണഭോക്താക്കൾക്കും, മരണം സംഭവിച്ച 68 പേരുടെ ആശ്രിതർക്കുമായി ആകെ 1,38,75,000/- രൂപ, കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിയ്ക്കായി 1328 ഗുണഭോക്താക്കൾക്ക് 1,90,16,800/- രൂപ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി 2022-23 ൽ വിതരണം ചെയ്ത തുക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്കായി വിവിധ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികളായ കർഷക തൊഴിലാളികൾക്ക് കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അധിവർഷാനുകൂല്യം, മരണാനന്തര അധിവർഷാനുകൂല്യം, മരണാനന്തര സഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, എന്നീ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

2. **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സർക്കാരിന്റെ പ്രത്യേക സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയ തൊഴിലാളികൾക്ക് പ്രതിവർഷം 1250/- രൂപ നിരക്കിൽ നല്കിവരുന്നുണ്ട്. കൂടാതെ ടി ക്ഷേമ പദ്ധതി പ്രകരമുള്ള ആനുകൂല്യങ്ങളും അർഹതയ്ക്കനുസരിച്ച് നൽകിവരുന്നുണ്ട്.

3. **കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്റ്റിന്റെ കീഴിൽ വരുന്ന കടകളും വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കെല്ലാംതന്നെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ആനുകൂല്യത്തിന്റെ പേര് |
|---|---|
| 1 | സ്കോളർഷിപ്പ് |
| 2 | വിവാഹം |
| 3 | പ്രസവം |
| 4 | ഗർഭമലസൽ |
| 5 | ചികിൽസാസഹായം |
| 6 | മരണാനന്തര ചെലവ് |
| 7 | മരണാനന്തര സഹായം |
| 8 | അംശദായം തിരിച്ചു നൽകൽ |
| 9 | പെൻഷൻ, അവശതാ പെൻഷൻ |
| 10 | കുടുംബ പെൻഷൻ |

4.**കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഭൂരിഭാഗം അംഗങ്ങളും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

**5. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്**

കേരള സംസ്ഥാന അസംഘടിത മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമവും സാമഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് സ.ഉ.(അച്ചടി)നം.24/2016/തൊഴിൽ 02/02/2016-ലെ ഉത്തരവിനാൽ വിജ്ഞാപനം ചെയ്യപ്പെട്ട ക്ഷേമനിധി പദ്ധതിയാണ് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി. ടി പദ്ധതിയിൽ അംഗത്വം നേടുന്ന അർഹരായ അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്ക് പദ്ധതി വിഭാവനം ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളും അർഹതയനുസരിച്ച് പദ്ധതി വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു.

**6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഭൂരിഭാഗം അംഗങ്ങളും അസംഘടിത മേഖലയിൽ ജോലി ചെയ്തുവരുന്നവരാണ്. കൂടാതെ ഈ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് നിലവിൽ വിവാഹ ധനസഹായം, പ്രസവധനസഹായം, അധിക പ്രസവധനസഹായം, രോഗചികിത്സാധനസഹായം, ക്യാഷ് അവാർഡ്, റീഫണ്ട്, സ്കോളർഷിപ്പ്, മരണാനന്തരധനസഹായം, റിട്ടയർമെന്റ് ബെനിഫിറ്റ് എന്നിവ നൽകി വരുന്നതുമാണ്.

7.**കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്**

അസംഘടിത മേഖലയിലെ ചുമട്ടു തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹതയ്ക്കനുസരിച്ച്നൽകുന്നുണ്ട്.

Thnadin

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

### വിവിധ ക്ഷേമനിധി ബോർഡുകൾ വഴി 2022-23 ൽ വിതരണം ചെയ്ത തുക

1 **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

2022-23-ൽ അസംഘടിത മേഖലയിലെ കർഷക തൊഴിലാളികൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിവിധ ആനുകൂല്യങ്ങളിലായി 50,31,78,274/- രൂപയുടെ സഹായം നൽകിയിട്ടുണ്ട്.

2 **കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

2022-23 സാമ്പത്തിക വർഷം കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | എണ്ണം | തുക |
|---|---|---|
| പ്രസവാനുകൂല്യം | 655 | 9825000 |
| വിവാഹാനുകൂല്യം | 913 | 7448000 |
| മരണാനന്തര ചെലവ് | 400 | 2000000 |
| ഗർഭം അലസൽ | 6 | 15000 |
| ചികിത്സാ സഹായം | 33 | 26800 |
| വിദ്യാഭ്യാസാനുകൂല്യം | 2037 | 3497750 |
| മരണാനന്തര സഹായം | 160 | 1928000 |
| അംശാദായം തിരികെ നൽകൽ | 2143 | 6015710 |
| പെൻഷൻ | 4342 | 72851300 |

3 **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം പെൻഷൻ ഇനത്തിൽ 436,71,04,366/- രൂപയും ആനുകൂല്യയിനത്തിൽ 20,58,31,626/- രൂപയും ചെലവഴിച്ചിട്ടുണ്ട്, ആകെ 457,29,35,992/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4 **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

2022-23 കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് നൽകിയ സഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം | എണ്ണം | തുക |
|---|---|---|
| മരണം – | 20 | 257000/– |
| പ്രസവം | 86 | 1290000/– |
| വിവാഹം | 51 | 153000/– |
| വിദ്യാഭ്യാസം | 49 | 35500/– |
| ചികിൽസ | 7 | 153693 |

**5 കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

2022–23 സാമ്പത്തിക വർഷത്തിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും പ്രസവാനുകൂല്യ ഇനത്തിൽ 19 പേർക്കായി 1,22,769/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എഴുന്നൂറ്റി അറുപത്തിയൊൻപത് രൂപ മാത്രം) വിതരണം നടത്തിയിട്ടുണ്ട്.

**6 കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

ഈ ബോർഡിൽ നിന്നും അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി 2022–23 ൽ 75000/– രൂപയും, സാമ്പത്തിക താങ്ങൽ പദ്ധതി ഇനത്തിൽ സ്വയം തൊഴിലാളികളായ അംഗങ്ങൾക്ക് 21,76,250/– രൂപയും നൽകിയിട്ടുണ്ട്.

**7 കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

**2022–23 സാമ്പത്തിക വർഷത്തിലെ പദ്ധതി ഇതരചെലവ്**

| ഇനം | തുക |
|---|---|
| പെൻഷൻ പദ്ധതി | 14,81,58,400 |
| സാമ്പത്തിക താങ്ങൽ | 5,37,82,500 |
| കോവിഡ് ധനസഹായം (മുൻ വർഷം തിരികെ വന്നത് നല്കിയത്) | 3000 |
| ആകെ | 20,19,43,900/– |

**2022–23 സാമ്പത്തിക വർഷത്തിലെ പദ്ധതിചെലവ്**

| ഇനം | തുക |
|---|---|
| വിവാഹ ധനസഹായം (മുൻ വർഷം തിരികെ വന്നത് നല്കിയത് ഉൾപ്പെടെ) | 38,59,000 |
| പ്രസവ ധനസഹായം (മുൻ വർഷം തിരികെ വന്നത് നല്കിയത് ഉൾപ്പെടെ) | 1,05,75,000 |
| എസ്.എസ്.എൽ.സി സ്കോളർഷിപ്പ് (ഒന്നാം ഗഡു) | 2,31,000 |
| എസ്.എസ്.എൽ.സി സ്കോളർഷിപ്പ് (രണ്ടാം ഗഡു) | 83,000 |
| ഉന്നതവിദ്യാഭ്യാസ അഡ്വാൻസ് | 7,020 |
| ചികിത്സാ സഹായം | 1,56,000 |
| മരണാനന്തര സഹായം | 47,580 |
| ആകെ | 1,49,58,600/– |

## 8 കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

2022-23 സാമ്പത്തിക വർഷത്തിൽ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

| ആനുകൂല്യങ്ങളുടെ പേര് | അനുവദിച്ച തുക |
|---|---|
| വിവാഹ ധനസഹായം | 1,20,000/- |
| മെറ്റേണിറ്റി ബെനിഫിറ്റ് | 2,70,000/- |
| മരണാനന്തര ധനസഹായം | 34,800/- |
| വിദ്യാഭ്യാസ ധനസഹായം | 20,150/- |
| ചികിത്സാ ധനസഹായം | 59,850/- |
| ഫാമിലി പെൻഷൻ | 22,650/- |
| ഇൻ-വാലിഡ് പെൻഷൻ | 17,100/- |
| പെൻഷൻ | 1,08,11,200/- |

## 9 കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

| ആനുകൂല്യങ്ങളുടെ പേര് | അനുവദിച്ച തുക |
|---|---|
| മരണാനന്തരാനുകൂല്യം | 36,91,438/- |
| റിട്ടയർമെന്റ് ആനുകൂല്യം | 2,43,07,826/- |
| റീഫണ്ട് ആനുകൂല്യം | 37,80,303/- |
| വിവാഹാനുകൂല്യം | 1,74,55,000/- |
| പ്രസവാനുകൂല്യം | 3,24,90,620/- |
| വിദ്യാഭ്യാസാനുകൂല്യം | 68,12,500/- |
| ചികിത്സാധനസഹായം | 3,23,649/- |
| ക്യാഷ് അവാർഡ് | 67,500/- |
| **ആകെ** | **8,89,28,836/-** |

## 10 കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് 2022-23 സാമ്പത്തിക വർഷം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ആനുകൂല്യങ്ങളുടെ പേര് | അനുവദിച്ച തുക |
|---|---|
| മരണാനന്തര ധനസഹായം | 48,00,000/- (87 പേർക്ക്) |
| ആശ്രിത മരണാന്തര ധനസഹായം | 1,000/- (ഒരാൾക്ക്) |
| വിദ്യാഭ്യാസ ധനസഹായം | 17,300/- (9 പേർക്ക്) |
| വിവാഹ ധനസഹായം | 2,42,000/- (83 പേർക്ക്) |
| ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് | 1,70,58,447/- (993 പേർക്ക്) |
| ചികിത്സാ ധനസഹായം | 12,000/- (6 പേർക്ക്) |

| | |
|---|---|
| സൂപ്പറാന്വേഷൻ പെൻഷൻ | 7,43,60,000/- (4750 പേർക്ക്) |
| അവശതാ പെൻഷൻ | 1,56,800/- (9 പേർക്ക്) |

## 11 കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

| തൊഴിലാളികൾക്ക് നൽകിയ സഹായം സംബന്ധിച്ച വിവരങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| വിവാഹം | 6742 | 33640000 |
| പ്രസവം | 2963 | 5926000 |
| അധിക പ്രസവധനസഹായം | 300 | 3900000 |
| രോഗ ചികിത്സാ ധനസഹായം | 1103 | 13839000 |
| ക്യാഷ് അവാർഡ് | 2353 | 4704000 |
| റീഫണ്ട് | 1965 | 5755745 |
| സ്കോളർഷിപ്പ് | 3169 | 11823000 |
| മരണാനന്തരം | 477 | 21843535 |
| റിട്ടയർമെന്റ് ബെനിഫിറ്റ് | 11634 | 80110805 |

## 12 കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

2022-23 ൽ ബീഡി മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തികതാങ്ങൽ പദ്ധതി പ്രകാരം 4247 തൊഴിലാളികൾക്ക് 2,10,22,650/- രൂപ വിതരണം ചെയ്തു.

സംസ്ഥാന സർക്കാർ അനുവദിച്ച വിവിധങ്ങളായ തൊഴിൽ പദ്ധതികളുടെ ഭാഗമായി തൊഴിലാളികൾക്ക് വിവിധങ്ങളായ പദ്ധതികൾ വിതരണം ചെയ്യിട്ടുണ്ട്.

1. ഫാൻസി ഷോപ്പ് - 21 തൊഴിലാളികൾക്ക്
2. മൊബൈൽഷോപ്പ്ആക്സസറീസ് - 21 തൊഴിലാളികൾക്ക്
3. മിനി ഡയറി ഫാം - 568 തൊഴിലാളികൾക്ക്
4. മൊബൈൽ ടീ ഷോപ്പ്- 12 തൊഴിലാളികൾക്ക്
5. ഫുഡ് പ്രോസസിംഗ്യൂണിറ്റ് - 67 തൊഴിലാളികൾക്ക്
6. മിനി ഗോട്ട് ഫാം - 108 തൊഴിലാളികൾക്ക്

(ഒപ്പ്)

സെക്ഷൻ ഓഫീസർ